2017 ജൂൺ 23, 24

ഐ.ഐ.എം, കോഴിക്കോട്

## പരിശീലനം - വിലയിരുത്തൽ റിപ്പോർട്ട്

രാജ്യാന്തര നിലവാരത്തിലുള്ള ഒരു സ്ഥാപനത്തിൽ നിന്നും പരിശീലനം ലഭിച്ചു എന്നത് സന്തോഷമുള്ള കാര്യമാണ്. ഒരു സംഘടനയുടെ രൂപവൽക്കരണവും അതിന്റെ ഘടനയും നേടേണ്ട ലക്ഷ്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്നത് സംബന്ധിച്ചുമെല്ലാം വിശദമായി പ്രതിപാദിച്ച ക്ലാസുകളാണ് നടന്നത്.

എന്നാൽ കുടുംബശ്രീ സംഘടന രൂപീകൃതമായി 19 വർഷം പിന്നിട്ടിട്ടുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് വർത്തമാനയുഗത്തിൽ കുടുംബശ്രീ ഏറ്റെടുക്കേണ്ട കർത്തവ്യങ്ങളെ സംബന്ധിച്ചും വെല്ലുവിളികൾ അതിജീവിക്കേണ്ടത് എങ്ങനെയെന്നും പ്രതിപാദിച്ചതേയില്ല എന്നത് പോരായ്മയാണ്. കുടുംബശ്രീ സംബന്ധിച്ച് ഒരു ചോദ്യാവലി തയ്യാറാക്കി പരിശീലനാർത്ഥികൾക്ക് നൽകി, അതിനുള്ള ഉത്തരങ്ങൾ പ്രബന്ധ രചനക്ക് സഹായകരമായ രീതിയിൽ ലഭ്യമാക്കി എന്നതല്ലാതെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾക്ക് കൃത്യമായ പരിഹാര നിർദേശങ്ങൾ ഉരുത്തിരിഞ്ഞില്ല.

എന്നിരുന്നാലും പുതിയ രൂപത്തിലും ഭാവത്തിലും ഇടപെടൽ നടത്തുന്നതിന് ചുമതലപ്പെട്ട ഫാക്കൽറ്റികൾക്ക് കഴിഞ്ഞതിനാൽ പരിശീലനം പൊതുവെ ഊർജ്ജദായകമായിരുന്നു.

ഗിരീഷ്കുമാർ.ടി
അസി. ജില്ലാമിഷൻ കോ ഓർഡിനേറ്റർ
കുടുംബശ്രീ, കോഴിക്കോട്